തൊഴിൽരഹിതർക്ക് വിദഗ്ദ്ധ പരിശീലനത്തിനുള്ള കേന്ദ്രപദ്ധതി

214 (7513) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമങ്ങളിലുള്ള ദരിദ്രകുടുംബങ്ങളിലെ തൊഴിൽരഹിതർക്ക് കുടുംബശ്രീവഴി നടപ്പാക്കുന്ന വിദഗ്ദ്ധ പരിശീലനവും തൊഴിലും ഉറപ്പാക്കുന്നതിനുള്ള കേന്ദ്രപദ്ധതി നടത്തിപ്പിനായി എന്തെല്ലാം തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) എത്രപേർക്ക് തൊഴിൽ ലഭ്യമാക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിന് ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതിയുടെ വിശദാംശങ്ങൾ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം പ്രാരംഭപ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ ഗ്രാമവികസനവകുപ്പ് നടപ്പിലാക്കുന്ന ആജീവിക സ്കിൽസ് പദ്ധതി കേരളത്തിൽ നടപ്പിലാക്കാൻ കുടുംബശ്രീയെ നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2014-15 വർഷത്തേയ്ക്കുള്ള വാർഷിക പദ്ധതി കുടുംബശ്രീ തയ്യാറാക്കി അംഗീകാരത്തിനായി കേന്ദ്ര ഗ്രാമവികസന വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്. 118 കോടി രൂപ അടങ്കലുള്ള ഈ പദ്ധതിയിലൂടെ 2014-15 വർഷം 30000 യുവതീയുവാക്കൾക്കാണ് തൊഴിൽ നൽകാൻ ഉദ്ദേശിക്കുന്നത്. പദ്ധതി നടത്തിപ്പിലേക്കായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ബ്ലോക്കുതലത്തിലും പ്രൊഫഷണലുകളെ നിയമിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനായി ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കൽ, ജില്ലാതല കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം, യുവതീയുവാക്കളുടെ അയൽക്കൂട്ടതല വിവരശേഖരണം, പഞ്ചായത്തുതല റിസോഴ്സ് പേഴ്സൺമാരെ കണ്ടെത്തലും പരിശീലനം നൽകലും എന്നീ പ്രവർത്തനങ്ങളാണ് പ്രധാനമായും നടന്നുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ 30000 യുവതീയുവാക്കൾക്കാണ് 2014-15 വർഷത്തിൽ തൊഴിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) 2014-15 സാമ്പത്തിക വർഷത്തിൽ സമർപ്പിച്ച 118 കോടി അടങ്കലിന്റെ 75% കേന്ദ്രസർക്കാരും 25% സംസ്ഥാന സർക്കാരുമാണ് വഹിക്കേണ്ടത്.

(ഡി) 2014-15 വർഷത്തിൽ സംസ്ഥാനത്തെ 30000 യുവതീയുവാക്കൾക്ക് അവരുടെ അഭിരുചിയുടെയും വിദ്യാഭ്യാസയോഗ്യതയുടെയും അനുഭവത്തിന്റെയും അടിസ്ഥാനത്തിൽ വിദഗ്ദ്ധ പരിശീലനം നൽകി തൊഴിൽ നൽകാനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ആയതിലേക്ക് 118 കോടി അടങ്കലുള്ള പദ്ധതി കേന്ദ്ര ഗ്രാമവികസന വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

(ഇ) പദ്ധതിയുടെ നടത്തിപ്പിലേക്കായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും പ്രൊഫഷണലുകളെ നിയമിച്ചിട്ടുണ്ട്. പദ്ധതി ഏകോപനത്തിനും വിലയിരുത്തലിനും ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല കോർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചുവരുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് യുവതീയുവാക്കളുടെ അയൽക്കൂട്ടതല വിവരശേഖരണം നടത്തിവരുന്നുണ്ട്. പദ്ധതിയുടെ ജില്ലാതല അവതരണവുമായി ബന്ധപ്പെട്ട് ജില്ലാതല കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം നടന്നുവരുന്നു. പദ്ധതിയുടെ പഞ്ചായത്തുതല പ്രവർത്തനങ്ങൾക്കുവേണ്ടി പഞ്ചായത്തുതല റിസോഴ്സ് പേഴ്സൺമാരെ കണ്ടെത്തുകയും അവരുടെ പരിശീലനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു.

കുടുംബശ്രീ യൂണിറ്റുകൾ രൂപീകരിക്കാൻ മാനദണ്ഡം

215 (7514) ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ യൂണിറ്റുകൾ രൂപീകരിക്കാൻ നിലവിലുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ മാനദണ്ഡങ്ങൾ മാറ്റാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാമാണ് പുതിയ മാനദണ്ഡങ്ങൾ എന്നറിയിക്കുമോ ;

(സി) കുടുംബശ്രീ മുഖേന എത്രരൂപയുടെ ബാങ്ക് വായ്പകൾ ആണ് ലഭിക്കുന്നത് ; ഇതിന് എന്തെല്ലാമാണ് വ്യവസ്ഥകൾ എന്നറിയിക്കുമോ ;

(ഡി) ഈ ബാങ്ക് വായ്പാത്തുക വെട്ടിച്ചുരുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഇതുപ്രകാരം എത്ര രൂപയുടെ വായ്പയാണ് ലഭിക്കുന്നത് എന്നും എന്തെല്ലാമാണ് വായ്പാ വ്യവസ്ഥകൾ എന്നും വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly